കേരള സർക്കാർ

# പിറവം നഗരസഭ
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(എം1)1777/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 22.09.2017

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)
പിറവം നഗരസഭ

സർ,

വിഷയം : പിറവം നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവം നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ,മുനിസിപ്പൽ ഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ,മുനിസിപ്പൽ ഭരണ വകുപ്പ്, എറണാകുളം.
5. ഓഫീസ് കോപ്പി.

നം.കെ.എസ്.എ.ഇകെഎം(എം1)1777/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030

ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി : 22.09.2017

# എറണാകുളം ജില്ലയിലെ പിറവം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിറവം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ചെലവ് ഓഡിറ്റ് സമയത്ത് 01.07.2017 മുതൽ 18.08.2017 വരെ നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങളുടെ മറുപടി പരിഗണിച്ചതിന് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ചെലവ് ഓഡിറ്റ്

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.05.2017 മുതൽ 03.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷൈല.എം.എസ്., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ജലജ.എം.കെ., അസി. ഓഡിറ്റ് ഓഫീസർ |
| | നവാസ്.സി.എം., ഓഡിറ്റർ |
| | പ്രവീൺ.വി.എൻ., ഓഡിറ്റർ |
| | മായ കൃഷ്ണൻ, ഓഡിറ്റർ |

### വരവ് ഓഡിറ്റ്

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.08.2017 മുതൽ 24.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ |
| | ജലജ.എം.കെ., അസി. ഓഡിറ്റ് ഓഫീസർ |
| | നവാസ്.സി.എം., ഓഡിറ്റർ |
| | പ്രവീൺ.വി.എൻ., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| ചെയർമാൻ | | സാബു.കെ.ജേക്കബ് | 01.04.2016 | 31.03.2017 |
| വൈസ് ചെയർപേഴ്സൺ | | ആയിഷ മാധവൻ | 01.04.2016 | 31.03.2017 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ | ആരോഗ്യകാര്യം | അരുൺ കല്ലറക്കൽ | 01.04.2016 | 31.03.2017 |
| | ക്ഷേമകാര്യം | അന്നമ്മ ഡോമി | 01.04.2016 | 31.03.2017 |
| | വികസനകാര്യം | മെബിൻ ബേബി | 01.04.2016 | 31.03.2017 |
| | വിദ്യാഭ്യാസകാര്യം | ജിൽസ് പെരിയപ്പുറം | 01.04.2016 | 31.03.2017 |
| | പൊതുമരാമത്ത്കാര്യം | സിജി സുകുമാരൻ | 01.04.2016 | 31.03.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | പി.ആർ.മോഹൻകുമാർ (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 01.04.2016 | 02.03.2017 |
| | നവാസ്.എ. | 03.03.2017 | 31.3.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | പി.ആർ.മോഹൻകുമാർ | 01.04.2016 | 31.03.2017 |
| കൃഷി ഓഫീസർ | പ്രിയദർശിനി. പി | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | മാർട്ടിൻ ആന്റണി | 01.04.2016 | 06.09.2016 |
| | ഗ്ലാൻസി കെ. മൈക്കിൾ | 07.09.2016 | 31.03.2017 |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പിറവം | ഡോ.സുനിൽ.ജെ.ഇളംതട്ട് | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ജോയ് നെടുങ്ങേലിൽ | 1.04.2016 | 08.02.2017 |
| | ഡോ. സിന്ധുറാണി | 09.02.2017 | 31.03.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജെയിംസ് ജോസഫ് | 01.04.2016 | 18.08.2016 |
| | ശശി ടി.എസ് | 19.08.2016 | 31.03.2017 |
| സീനിയർ വെറ്ററിനറി സർജൻ, പിറവം | ഡോ. ഗോപകുമാർ എ | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജൻ, മുളക്കുളം | ഡോ.സിന്ധു ബാലൻ | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പിറവം | നീതു ജോൺസൺ | 01.04.2016 | 31.03.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | അഞ്ജു കൃഷ്ണ | 01.04.2016 | 31.03.2017 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ജിനി പി. വർഗ്ഗീസ് | 01.04.2016 | 31.03.2017 |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | നഗരസഭയുടെ ബാങ്ക് അക്കൗണ്ടുകൾക്ക് പലിശ ലഭിക്കാത്തത് സംബന്ധിച്ച് | 2-1 |
| 12 | സാംഖ്യ രസീത് സ്റ്റോക്ക് രജിസ്റ്റർ - പരിപാലിക്കുന്നില്ല | 2-2 |
| 13 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത – വൻ തുക നഷ്ടമാകുന്നു | 2-3 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച് | 2-4 |
| 15 | പെട്രോൾ സ്റ്റേഷനുകളുടെ നികുതി നിർണ്ണയം - അപാകതകൾ | 2-5 |
| 16 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തത് - സംബന്ധിച്ച് | 2-6 |
| 17 | BSNL- സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് | 2-7 |
| 18 | അഭിഭാഷകരുടെയും ആധാരം എഴുത്തുകാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല | 2-8 |
| 19 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യഥാർത്ഥ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാത്തത് - സംബന്ധിച്ച് | 2-9 |
| 20 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക സംബന്ധിച്ച് | 2-10 |
| 21 | കെട്ടിട മാസ വാടകയും സെക്യൂരിറ്റിയും വർദ്ധിപ്പിക്കുന്നത് | 2-11 |
| 22 | ഡി & ഒ ലൈസൻസ് ഫീസ്/തൊഴിൽ നികുതി ഈടാക്കാത്തത് - സംബന്ധിച്ച് | 2-12 |
| 23 | ഡി & ഒ ലൈസൻസ് ഈടാക്കാത്തത് - സംബന്ധിച്ച് | 2-13 |
| 24 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 2-14 |
| 25 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാത്തത് - സംബന്ധിച്ച് | 2-15 |
| 26 | മാലിന്യ ശേഖരണത്തിന് യൂസർ ഫീസ് വാങ്ങുന്നത് | 2-16 |

| | | |
|---|---|---|
| 27 | പരസ്യനികുതി സംബന്ധിച്ച് | 2-17 |
| 28 | വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം | 2-18 |
| | ഭാഗം 3 | |
| 29 | ഒ.ഡി.എഫ്. - ചെലവ് തുക പൊരുത്തപ്പെടുന്നില്ല – 3,63,071/- രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 30 | താലൂക്ക് ആശുപത്രി ഡെന്റൽ വിഭാഗത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകത -24,900/-രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 31 | പ്രോജക്റ്റുകളുടെ നിർവ്വഹണം വിനിയോഗ സാക്ഷ്യപത്രം/ കൈപ്പറ്റ് രസീത് ഇല്ല. | 3-3 |
| 32 | ഹൈമാസ്റ്റ് ലൈറ്റുകൾക്ക് അധിക നിരക്ക് അടവാക്കിയത്. | 3-4 |
| 33 | പ്രോഫഷണൽ ഫീസ് നല്കിയത്-ആദായനികുതി ഈടാക്കിയിട്ടില്ല. | 3-5 |
| 34 | പ്രിന്റിംഗ് ചാർജ് നൽകിയത്-ആദായനികുതി ഈടാക്കിയിട്ടില്ല. | 3-6 |
| 35 | ഇ-ടെണ്ടർ - ഫോറം വില പഞ്ചായത്തിന് ലഭിക്കുന്നില്ല | 3-7 |
| 36 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമാക്കിയില്ല | 3-8 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം.1 |
| 47 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം.2 |
| 48 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 49 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്, 03.03.2016ലെ തീരുമാനം 8 പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 13,64,39,148 | 13,40,91,000 |
| വാർഷിക കണക്കുകൾ പ്രകാരം | 8,52,54,185 | 6,52,89,735 |
| വ്യത്യാസം | 5,11,85,003 | 6,88,01,265 |
| ശതമാനം | 37.51% | 51.30% |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ അന്തരമുണ്ട്. വാർഷിക പദ്ധതികൾക്ക് അന്തിമ അനുമതി ലഭിച്ചതിന് ശേഷം ബജറ്റ് റിവൈസ് ചെയ്തിട്ടില്ല. വാർഷിക പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിനനുസരിച്ച് ബജറ്റ് റിവൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 26.07.2017 |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം ഖണ്ഡിക 2-18ൽ ചേർത്തിട്ടുണ്ട്. (ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40,92,898 |
| വരവ് | 8,52,54,185 |
| ആകെ | 8,93,47,043 |
| ചെലവ് | 6,52,89,735 |
| നീക്കിയിരിപ്പ് | 2,40,57,348 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം (%) |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,31,82,077 | 96,64,621 | 35,17,456 | 73.31 |
| വികസനഫണ്ട്(എസ്.സി.പി) | 72,59,160 | 33,51,286 | 39,07,874 | 46.16 |
| വികസനഫണ്ട് (ടി.എസ്.പി) | 26,895 | 25,845 | 1,050 | 96.09 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1,22,48,366 | 51,92,374 | 70,55,992 | 42.39 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 45,24,608 | 21,36,341 | 23,88,267 | 47.21 |
| 13- ാം ധനകാര്യ കമ്മീഷൻ അവാർഡ് | 72,78,494 | 39,04,992 | 33,73,502 | 53.65 |
| പെർഫോമൻസ് ഗ്രാന്റ് | 25,32,817 | 0 | 25,32,817 | 0 |

മേൽ ചേർത്തിരിക്കുന്നത് പ്രകാരം 2,27,76,958/- രൂപ തൻ വർഷം ലാപ്സായി, പെർഫോമൻസ് ഗ്രാന്റ് ഇനത്തിൽ ചെലവ് നടന്നിട്ടില്ല. സംരക്ഷണ ഗ്രാന്റ് (റോഡ്), (റോഡിതരം), വികസന ഫണ്ട് (എസ്.സി.പി), എന്നീ ഫണ്ടുകളുടെ വിനിയോഗം വളരെ കുറവായിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാത്തതു മൂലമാണ് ഇപ്രകാരം മുനിസിപ്പാലിറ്റിക്ക് നഷ്ടമുണ്ടായത്. ഈ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>അയ്യൻകാളി അർബൻ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം</u>

| തൻ വർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|
| 41,16,125* | 10,35,035 | 30,81,090 | 25.14% |

*ഫണ്ട് 07.02.2017ൽ മാത്രം ലഭിച്ചതുകൊണ്ട് വിനിയോഗം കാര്യക്ഷമമായി നടത്തുവാനായി സാധിച്ചില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 67705018 | 129 | 28373241 | 4 | 45 | 74.71% |

# 1-6 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 39.10% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 72,08,168 | 1,10,01,584 | 37,93,416 | (+)52.62 |
| നികുതിയേതര വരവുകൾ | 70,54,129 | 90,98,381 | 20,44,252 | (+)28.97 |
| മറ്റുവരവുകൾ | 2,74,639 | 1,21,211 | 1,53,428 | (-) 55.86 |
| ആകെ | 1,45,36,936 | 2,02,21,176 | 56,84,240 | (+)39.10 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46,560 | 104 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 2,70,000 | 9 |
| കർഷകതൊഴിലാളി പെൻഷൻ | ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് EFMS വഴി നേരിട്ട് തുക നൽകിയിരി ക്കുന്നതിനാൽ ചെലവ് വിവരം ലഭ്യമല്ല. | 152 |
| വിധവാപെൻഷൻ | --"-- | 954 |
| വാർദ്ധക്യകാലപെൻഷൻ | --"-- | 1961 |
| വികലാംഗപെൻഷൻ | --"-- | 205 |
| 50വയസ്സിന് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | --"-- | 67 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.06.2017ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58,352/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1. ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിക്കുന്നുണ്ട്.
2. സാംഖ്യ രസീത് സ്റ്റേഷനറി സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്യുന്നതിന്റെയും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉപയോഗിച്ച സ്റ്റേഷനറിയുടെ കൗണ്ടർഫോയിലുകൾ (ക്യാൻസൽ ചെയ്തവയുൾപ്പെടെ) ര.നം. ക്രമത്തിൽ കൃത്യമായി സൂക്ഷിക്കുന്നില്ല.
3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങൾക്ക് പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ് (വസ്തുനികുതി നിർണ്ണയം നടത്തിയ തീയതി, നികുതി എന്നിവ).
4. 31.03.16 വരെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നഗരസഭയുടെ നിരക്കിലേക്ക് മാറിയിട്ടില്ല.
5. ഇതര വരവിനങ്ങളുടെ രജിസ്റ്ററുകൾ ശരിയായി തയ്യാറാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.2015 | 01.09.15മുതൽ 30.09.15 വരെ | 24.02.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2006 | 1997-98 മുതൽ 2004-05 വരെ | 23.03.2006 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നഗരസഭയുടെ ബാങ്ക് അക്കൗണ്ടുകൾക്ക് പലിശ ലഭിക്കാത്തത് സംബന്ധിച്ച്

നഗരസഭയുടെ തനത് ഫണ്ട് /ദുരിതാശ്വാസ നിധി എന്നിവയുടെ അക്കൗണ്ടുകൾ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ പിറവം ശാഖയിൽ പലിശ ലഭിക്കാത്ത അക്കൗണ്ടുകളായാണ് പരിപാലിച്ച് വരുന്നത്. വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയ ഈ അക്കൗണ്ടുകളിൽ വലിയ തുകകൾ നിക്ഷേപമായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം./അക്കൗണ്ട് തുടങ്ങിയ തീയതി | അക്കൗണ്ടിന്റെ തരം | 01-04-2016 ലെ തുക | 31-03-2017 ലെ തുക |
|---|---|---|---|---|
| 1 | 021281000000001/21-05-1980 | തനത് ഫണ്ട് | 2090593 | 3314572 |
| 2 | 021281000000003/18-11-2006 | ദുരിതാശ്വാസ നിധി | 469051 | 331851 |

ഇത്തരത്തിൽ ജില്ലാ സഹകരണ ബാങ്കിൽ നഗരസഭയ്ക്ക് വേണ്ടി തുടങ്ങിയിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും പലിശ വർഷങ്ങളായി ലഭിക്കാതിരുന്നത് വിശദീകരിക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ അക്കൗണ്ടുകളിൽ നിന്നും പലിശ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സാംഖ്യ രസീത് സ്റ്റോക്ക് രജിസ്റ്റർ - പരിപാലിക്കുന്നില്ല

സർക്കുലർ നം. 484554/എസി1/13/ തസ്വഭവ 22.04.14 ലെ ഉത്തരവ് പ്രകാരം സാംഖ്യ രസീത് രേഖകളെല്ലാം കൃത്യമായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ സാംഖ്യ രസീതുകളുടെ കൗണ്ടർഫോയിലുകൾ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ സാംഖ്യ രസീത് സ്റ്റേഷനറി സ്റ്റോക്കിലെടുത്തതിന്റെയും കാഷ് കൗണ്ടറിൽ ഉപയോഗത്തിനായി വിതരണം ചെയ്യുന്നതിന്റെയും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അപാകതകൾ പരഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി നിർണ്ണയത്തിൽ അപാകത - വൻ തുക നഷ്ടമാകുന്നു

പിറവം നഗരസഭയുടെ 2016-17 വർഷത്തെ വസ്തുനികുതിനിർണ്ണയം സംബന്ധിച്ച ഫയലുകൾ /രജിസ്റ്ററുകൾ/ സഞ്ജയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവു വന്നതായി കണ്ടു. 08-06-2016 തീയതിയിൽ പിറവം നഗരസഭ കെട്ടിട നികുതി പുനർനിർണ്ണയം സംബന്ധിച്ച് 01-04-2016 പ്രാബല്യത്തിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കെട്ടിടങ്ങളുടേയും ഉപവിഭാഗങ്ങളുടേയും വിവരണം രേഖപ്പെടുത്തി ഓരോ ഇനത്തിനും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് ചില വിഭാഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. (2011 ഏപ്രിൽ 1 പ്രാബല്യത്തിൽ നം.എ8-5187/2011 23-11-2011 പ്രകാരം ഇറക്കിയ ഗ്രാമ പഞ്ചായത്തായിരുന്ന സമയത്തെ നിരക്കും ഇതോടൊപ്പം ചേർക്കുന്നു.)

| ക്രമ നം. | കെട്ടിടങ്ങളുടേയും ഉപവിഭാഗങ്ങളുടേയും വിവരണം | അടിസ്ഥാന വസ്തു നികുതി നിരക്ക് | ഗ്രാമപഞ്ചായത്ത് ആയിരുന്ന സമയത്തെ നിരക്ക് |
|---|---|---|---|
| 1 | പാർപ്പിടാവശ്യത്തിനുള്ളവ | 7 രൂപ | 5 രൂപ |
| | വാണിജ്യാവശ്യത്തിനുള്ളവ | | |
| 2. | 100 ച.മീ. വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറണ്ടുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ | 50രൂപ |
| 3. | 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറണ്ടുകൾ, ഷോപ്പുകൾ, ഗോഡൗൺ | 90 രൂപ | 60 രൂപ |
| 4. | 200 ച.മീ.വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 90 രൂപ | 60 രൂപ |
| 5. | 200 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 140 രൂപ | 80 രൂപ |
| 6. | ബങ്കുകൾ, പെട്ടിക്കടകൾ, കംപ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 70 രൂപ | 50 രൂപ |
| 7. | വ്യവസായ ആവശ്യത്തിനുള്ളവ - കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, കോഴി വളർത്തൽ, ഷെഡ് മുതലായവ. | 25 രൂപ | 20 രൂപ |

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച 2016-17 വർഷത്തെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി സംബന്ധമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ കഴിയാതെ പോകുന്നത് ഗുരുതരമായ വീഴ്ചയാണ്. സഞ്ചയ പ്രകാരമുള്ള അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 31.03.16 വരെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി 01.04.16 മുതൽ നഗരസഭയുടെ നിരക്കിലേക്ക് മാറിയിട്ടില്ല എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം./ വാർഡ് | കെട്ടിടത്തിന്റെ തരം/ വിസ്തീർണ്ണം/ നികുതി നിരക്ക് | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി. | നിർണ്ണയിക്കേണ്ടത് | കുറവുവന്ന തുക |
|---|---|---|---|---|---|
| 1 | 102-എ/II കക്കാട്ഈസ്റ്റ് | കോഴി ഫാം / 228.97/ 25 | 4580 | 5724.25 | 1144.25 |

| | | | | | |
|---|---|---|---|---|---|
| 2 | 41-എ/II കക്കാട്ഈസ്റ്റ് | പാർപ്പിടാവശ്യം/ 58.76/ 7 | 324 | 411.32 | 87.32 |
| 3 | 200-എ/II കക്കാട്ഈസ്റ്റ് | പാർപ്പിടാവശ്യം/ 118/ 7 | 590 | 826 | 236 |
| 4 | 268 എ/II കക്കാട്ഈസ്റ്റ് | പാർപ്പിടാവശ്യം/ 66.11/ 7 | 330.55 | 462.77 | 132.22 |
| 5 | 348 എ/II കക്കാട്ഈസ്റ്റ് | പാർപ്പിടാവശ്യം/ 185.04/ 7 | 925 | 1295.28 | 370.28 |
| 6 | 371-എ/II കക്കാട് ഈസ്റ്റ് | പാർപ്പിടാവശ്യം/ 116.41/ 7 | 582.05 | 814.87 | 232.82 |
| 7 | 406-എ/II കക്കാട്ഈസ്റ്റ് | പാർപ്പിടാവശ്യം/ 172.19/ 7 | 860.95 | 1205.33 | 344.3൫8 |
| 8 | 42-എ/III കരക്കോട് | പാർപ്പിടാവശ്യം/ 200.2/ 7 | 1000.1 | 1401.4 | 401.3 |
| 9 | 55ബി/ III/ കരക്കോട് | പാർപ്പിടാവശ്യം/ 242.53/ 7 | 1212.65 | 1697.71 | 485.06 |
| 10 | 16 എൽ/IV കൊള്ളിക്കൽ | വാണിജ്യം-100 ച.മീ.ന് മുകളില്ലുള്ള ഹോട്ടൽ/ ഷോപ്പുകൾ-326.34/ 90 | 19580.40 | 29370.6 | 9790.20 |
| 11 | 16 എച്ച് /IV കൊള്ളിക്കൽ | വാണിജ്യം-100 ച.മീ.ന് മുകളില്ലുള്ള ഹോട്ടൽ/ഷോപ്പുകൾ- 114.1/ 90 | 6846 | 10269 | 3423 |
| 12 | 16 ജി./IV കൊള്ളിക്കൽ | വാണിജ്യം- 100 ച.മീ.ന് മുകളില്ലുള്ള ഹോട്ടൽ/ഷോപ്പുകൾ -216.61/ 90 | 12996.60 | 19494.90 | 6498.3 |

മേൽ വിവരിച്ച ഉദാഹരണങ്ങളിൽ നിന്നും വസ്തു നികുതി നിർണ്ണയിച്ചതിൽ വലിയ അപാകതയുണ്ടായതായി കാണുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം. 5) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്ത് നഗരസഭയായി മാറിയതിനെ തുടർന്ന് നിരക്കിൽ വന്ന മാറ്റം നഗരസഭ പ്രദേശത്തെ എല്ലാ കെട്ടിടങ്ങൾക്കും ബാധകമാക്കേണ്ടതാണ്. സംസ്ഥാനസർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ച് വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച്

പിറവം നഗരസഭ 03-03-2016 ലെ 2ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം വസ്തുനികുതി 01-04-2016 പ്രാബല്യത്തിൽ പുനർനിർണ്ണയിച്ച് വിജ്ഞാപനം (08-06-16-ൽ) ചെയ്തിട്ടുണ്ട്. ആയത് പ്രകാരം മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്ക് ച.മീറ്ററിന് 500/- രൂപയാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ. (അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം മുനിസിപ്പാലിറ്റി വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. ബാറ്ററി മുറി, അനുബന്ധമുറി

എന്നിവയ്ക്ക് മാത്രമാണ് നികുതി ചുമത്തുന്നത്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ.(സാധാ)നം. 707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ) നികുതി ചുമത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം മുനിസിപ്പാലിറ്റി പരിധിയിലുള്ള 12 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. മൊബൈൽ ടവറുകളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. നികുതിനിർണ്ണയത്തിന് കണക്കിലെടുത്ത വിസ്തീർണ്ണം/ നിർണ്ണയിച്ച വസ്തുനികുതി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | കെട്ടിട നം. | വിസ്തീർണ്ണം/ വസ്തുനികുതി | റിമാർക്സ് |
|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ്, ഐഡിയ കമ്മ്യൂണിക്കേഷൻ | II/325 എ | 64.675 ച.മീ./ 39130- | ഫയൽ ലഭ്യമായില്ല |
| 2 | റിലയൻസ് കമ്മ്യൂണിക്കേഷൻ | II/335 | 11 ച.മീ./ 5500- | ,, |
| 3 | ഇൻഡസ് ടവേഴ്സ് | V/92 എ | 16.22ച.മീ./ 8110- | ,, |
| 4 | ബി.എസ്.എൻ.എൽ. | V/836എ | 28.5ച.മീ./14075- | ,, |
| 5 | ബി.എസ്.എൻ.എൽ. | V/836 Demo | 61.05ച.മീ./ 30525- | ,, |
| 6 | ഭാരതി ഇൻഫ്രാ ടെക് | VIII/354 | 30ച.മീ./ 15000- | ,, |
| 7 | ഭാരതി ഇൻഫ്രാ ടെക് | VIII/355 | 10ച.മീ./ 5000- | ,, |
| 8 | ഭാരതി ഇൻഫ്രാ ടെക് | VIII/356 | 10ച.മീ./5000/- | ,, |
| 9 | ഭാരതി ഇൻഫ്രാ ടെക് | X/153 | 10 ച.മീ./ 5500- | ,, |
| 10 | ഐഡിയ സെല്ലുലാർ ലിമി. | XI/479 | 30ച.മീ./ 15000- | ,, |
| 11 | റിലയൻസ് ജിയോ ഇൻഫോകോം ലിമി. | XV/24എ | 12.5ച.മീ./ 6500- | ,, |
| 12 | ഇൻഡസ്സ് ടവർ ലിമി. | XVI/319 | 20ച.മീ./ 10000- | ,, |

മൊബൈൽ ടവറുകളുടെ വിശദമായ പ്ലാനും സ്കെച്ചും ഉൾപ്പെടുന്ന ഫയൽ പരിശോധനയ്ക്ക് ലഭ്യമായില്ല. വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകായ ഓഡിറ്റ് എൻക്വയറിക്ക് (നം. 12) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇവയുടെ യഥാർത്ഥവിസ്തീർണ്ണം പരിശോധിച്ച് മേൽ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞില്ല. എല്ലാ മൊബൈൽ ടവറുകളുടെയും ശരിയായ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിശ്ചയിച്ചിരിക്കുന്നത് എന്ന് മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളിൽ നിന്നും വ്യക്തമാണ്.

1. മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തിന്റെയും വിസ്തീർണ്ണം (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) കണക്കാക്കി നികുതി ചുമത്തേണ്ടതാണ്. കുറഞ്ഞ സ്ഥലം നികുതി ചുമത്തിയതായി രേഖപ്പെടുത്തിയവ കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിച്ചവ ഉൾപ്പെടെ, ടവർ ഓപ്പറേറ്റർമാർ ലീസിനെടുത്തിട്ടുള്ള മുഴുവൻ ഭാഗത്തിന്റെ വിസ്തീർണ്ണത്തിനും നികുതി

ച്ചമത്തേണ്ടതാണ്. ആയതിനാൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.
2. നഗരസഭാ പരിധിയിലെ മുഴവൻ മൊബൈൽ ടവറുകളുടേയും വസ്തു നികുതി നിർണ്ണയം നടത്തി ഈടാക്കുന്നുണ്ടോ എന്ന് സ്ഥല പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്.

## 2-5 പെട്രോൾ സ്റ്റേഷനുകളുടെ നികുതി നിർണ്ണയം - അപാകതകൾ

2016-17 വർഷത്തെ വസ്തുനികുതി സംബന്ധിച്ച പരിശോധനയിൽ നഗരസഭ പരിധിയിൽ 6 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതായി കണ്ടു. ഇവ സഞ്ചയ സോഫ്റ്റ് വെയറിൽ പാർപ്പിടാവശ്യത്തിനും/വാണിജ്യാവശ്യത്തിനുമുള്ള കെട്ടിടമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് സംബന്ധിച്ച വിശദ വിവരം (ഡി&ഒ ലൈസൻസ് രജി. പ്രകാരമുള്ളതും ഉൾപ്പെടെ ) ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. (ഡി&ഒ ലൈ. രജി. പ്രകാരം ) | സഞ്ചയയിൽ രേഖപ്പെട്ടു ത്തിയിരിക്കുന്ന തരം | വിസ്തീർണ്ണം/ നികുതിനിരക്ക് |
|---|---|---|---|
| 1 | V/146 | ബങ്കുകൾ,പെട്ടിക്കടകൾ, കംപ്യൂട്ടർ സെന്ററുകൾ, ഫ്യുവൽ സ്റ്റേഷൻ | 42.5ച.മീ./70/- |
| 2 | VI/250 | 100 ച.മീ.വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ. | 41.82ച.മീ./60/- |
| 3 | III/102 | പാർപ്പിടാവശ്യം | 156.4 / 7/- |
| 4 | V/209 | പാർപ്പിടാവശ്യം | 275.5 / 7/- |
| 5 | III/133 | പാർപ്പിടാവശ്യം | 80ച.മീ./ 7/- |
| 6 | IX/428 | പാർപ്പിടാവശ്യം | 290.4 / 7/- |

ഇനം 1 ൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് പെട്രോൾ പമ്പുകളുടേതാണെങ്കിലും 70/- രൂപ നിരക്ക് പ്രകാരം 2975/- രൂപയാണ് നിർണ്ണയം നടത്തേണ്ടിയിരുന്നത്. ഇനം.2 മുതൽ പെട്രോൾ പമ്പുകൾ ഉൾപ്പെടേണ്ട ഇനത്തിൽ ഉൾപ്പെടുത്തിയല്ല നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14) മറുപടി ലഭ്യമാക്കിയില്ല.
ആയതിനാൽ
(1). പെട്രോൾ പമ്പുകൾക്ക് ബാധകമായ നിരക്ക് (70/- രൂപ) പ്രകാരം പുനർ നിർണ്ണയം നടത്തി വസ്തു നികുതി ഈടാക്കേണ്ടതാണ്.
(2). പെട്രോൾ പമ്പുകൾക്കായി ഉപയോഗിക്കുന്ന മുഴവൻ സ്ഥലത്തിന്റെയും വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിക്കേണ്ടതാണ്. ഇനം 4ഉം, 6ഉം ഒഴികെയുള്ളവ പമ്പുകൾക്കായി ഉപയോഗിക്കുന്ന മുഴവൻ സ്ഥലത്തിനും നിർണ്ണയിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
(3). നഗരസഭയുടെ വരുമാന സ്രോതസ്സുകളിൽ പ്രധാന ഇനമായ വസ്തു നികുതി നിർണ്ണയത്തിൽ വന്നിട്ടുള്ള അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 2-6 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തത് - സംബന്ധിച്ച്

പിറവം നഗരസഭാ പ്രദേശത്തുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവയിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി നഗരസഭയിൽ ലഭിച്ചിട്ടുണ്ട്.

.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാതിരുന്ന അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|
| 1. | പിറവം പഞ്ചാ. സർവ്വീസ് സഹ. ബാങ്ക് | 1, 2 | |
| 2. | കാനറാ ബാങ്ക് | 1, 2 | |
| 3. | മണപ്പുറം ഫിനാൻസ് | 1, 2 | |
| 4. | സിൻഡിക്കേറ്റ് ബാങ്ക് | 1, 2 | |
| 5. | കൊശമറ്റം ഫിനാൻസിയേഴ്സ് | 1, 2 | |
| 6. | എറണാകുളം ജില്ലാ സഹകരണ ബാങ്ക്, പിറവം | 1, 2 | |
| 7. | മുളക്കുളം സർവ്വീസ് സഹ. ബാങ്ക് നം. 1097, (എച്ച്.ഒ.), പാലച്ചുവട് | 1, 2 | |
| 8. | മുളക്കുളം സർവ്വീസ് സഹ. ബാങ്ക് നം. 1097,മുളക്കുളം പള്ളിപ്പടി ബ്രാഞ്ച് | 1, 2 | |
| 9 | മുളക്കുളം സർവ്വീസ് സഹ. ബാങ്ക് നം. 1097, എരപ്പാം കൊവി ബ്രാഞ്ച് | 1, 2 | |
| 10 | യു.എ.ഇ.എക്സ്ചേഞ്ച് ഫിനാൻഷ്യൽ സർവീസസ് | 1, 2 | |
| 11 | എസ്. ബി. ടി. | 1, 2 | |
| 12 | കേരള ഗ്രാമീൺ ബാങ്ക് | 1, 2 | |
| 13 | പിറവം ക്ഷീരോൽപാദക സഹകരണ സംഘം | 1, 2 | |
| 14 | കളമ്പൂർക്കാവ് ക്ഷീരോൽപാദക സഹകരണ സംഘം | 1, 2 | |
| 15 | കക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | 1, 2 | |
| 16 | പാലച്ചുവട് ക്ഷീരോൽപാദക സഹകരണ സംഘം | 1, 2 | |
| 17 | ട്രാവൻകൂർ കാർട്ടൺസ് | 1, 2 | |
| 18 | കല്ല്യൺ ജൂവല്ലേഴ്സ് മിനി സ്റ്റോർ (പ്രൈ.)ലി. | 1, 2 | |
| 19 | പോപ്പുലർ മോട്ടോർ വേൾഡ് (പ്രൈ.)ലി. | 1, 2 | |

| | | | |
|---|---|---|---|
| 20 | ബിവറേജസ് ഔട്ട് ലെറ്റ്, KSBC FLI | 1, 2 | |
| 21 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്സ് ലിമിറ്റഡ് | 1, 2 | 15-16ലേത് കുടിശ്ശികയായി അടച്ചിട്ടുണ്ട് |
| 22 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | 1, 2 | |
| 23 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | 1, 2 | |
| 24 | L. I. C., പിറവം ബ്രാഞ്ച് | 1, 2 | |
| 25 | J M P മെഡിക്കൽ സെന്റർ | 1, 2 | |
| 26 | കെയർവെൽ ഹോസ്പിറ്റൽ | 1, 2 | |
| 27 | ഡോക്ടേഴ്സ് ഡയഗ്നോസ്റ്റിക്ക് സെന്റർ (പ്രൈ.) ലിമിറ്റഡ് | 1, 2 | |
| 28 | ടോക്എച്ച് പബ്ലിക് സ്കൂൾ, പിറവം | 1, 2 | |
| 29 | ഫാത്തിമാ സെൻട്രൽ സ്കൂൾ, പിറവം | 1, 2 | |
| 30 | വിവേകാനന്ദ പബ്ലിക് സ്കൂൾ, പിറവം | 1, 2 | |
| 31 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | 1, 2 | |
| 32 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ | 1, 2 | |
| 33 | സായ് സർവ്വീസ് (മാരുതി ഡീലർ) | 1, 2 | |
| 34 | പിറവം റൂറൽ കോ. ബാങ്ക് നം. E-1092 | 1, 2 | |
| 35 | ജിയോജിത്ത് ബിഎൻപി പാരിബാസ് ഫിനാൻഷ്യൽ സർവീസസ് ലി. | 1, 2 | |
| 36 | ഹോട്ടൽ അഥേന സെൻട്രൽ | 1, 2 | |
| 37 | ശ്രീഗോകുലം ചിറ്റ്സ്& ഫിനാൻഷ്യൽ സർവീസസ് കൊ. പ്രൈ. ലി. | 1, 2 | |
| 38 | ആശിർവ്വാദ് ഫിനാൻസ് പ്രൈ.ലി. | 1, 2 | |
| 39 | ഐ.സി.ഐ.സി.ഐ.ബാങ്ക് | 1, 2 | 15-16ലേത് കുടിശ്ശികയായി അടച്ചിട്ടുണ്ട് |
| 40 | റൂറൽ ഹൗസിംഗ് സഹ.സംഘം നം.E-193 | 1, 2 | |
| 41 | പിറവം അഗ്രി. ഇംപ്രൂവ്മെന്റ് സഹ.സംഘം നം.E-1211 | 1, 2 | |
| 42 | പിറവം അർബൻ സൊസൈറ്റി ക്ലിപ്തം നം. E-1308 | 1, 2 | |
| 43 | പിറവം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. E-83 | 1, 2 | |

| | | | |
|---|---|---|---|
| 44 | എ.ജി.എം.ഫൈനാൻസ്,<br>സെന്റ് മേരീസ് ചർച്ച് ബിൽഡിംഗ്,<br>V/434/B12 | 1, 2 | |
| 45 | അമ്മിണിശ്ശേരി ഫിനാൻസിയേഴ്സ്,<br>അമ്മിണിശ്ശേരി ബിൽഡിംഗ്<br>464/ V | 1, 2 | |
| 46 | ചേന്നാട്ട് ഫൈനാൻസ് &<br>ഇൻവെസ്റ്റമെന്റ്സ്, ഹോളി കിംഗ്സ്<br>ബിൽഡിംഗ്, പള്ളിക്കവല്<br>V/663/664 | 1, 2 | |
| 47 | ധനചക്ര ലീസിംഗ് & ഹയർ<br>പർച്ചേസ് കമ്പനി (പ്രൈ.) ലി.<br>ഉണിച്ചിറ ബിൽഡിംഗ്, പള്ളിക്കവല<br>V/398 | 1, 2 | |
| 48 | ഈരാളിയിൽ ക്രെഡിറ്റ്<br>സിൻഡിക്കേറ്റ്, പെട്രോൾ പമ്പ്<br>ജംഗ്ഷൻ I/228 | 1, 2 | |
| 49 | എംവീസ് ഫൈനാൻസ് & കുറീസ്,<br>പിറവം പ്ലാസ,<br>പ്രൈവറ്റ് ബസ് സ്റ്റാൻഡ് , V/602 | 1, 2 | |
| 50 | എസ്.എൻ.പി. ഫൈനാൻസ്,<br>പാലായിത്തറയിൽ, പിറവം, V/748 | 1, 2 | |
| 51 | ജെ.എസ്.ജെ. ഓട്ടോ ഫൈനാൻസ്,<br>നീലാങ്കൽ ബിൽഡിംഗ്,<br>പിറവം V/70 | 1, 2 | |
| 52 | ജൂബിലി ഫൈനാൻസ്, നീലാങ്കൽ<br>ബിൽഡിംഗ്, പിറവം V/578 | 1, 2 | |
| 53 | കരിത്തേടത്തിൽ ഫൈനാൻസിയേഴ്സ്,<br>പമ്പ് ജംഗ്ഷൻ VII/114 | 1, 2 | |

ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 11) മറുപടി ലഭ്യമാക്കിയില്ല. മേൽ ചേർത്തിരിക്കുന്നതിൽ ക്ര.നം. 44 മുതൽ 53വരെയുള്ള സ്ഥാപനങ്ങൾ കേരള മണിലെൻഡേഴ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളാണ്. (പേര് വിവരം Taxes വകുപ്പിന്റെ സൈറ്റിൽ (registered under kerala money lenders act) ലഭ്യമാണ്). ടി സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 2-7 BSNL- സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

തൊഴിൽ നികുതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ചീഫ് ജനറൽ മാനേജർ, ബി.എസ്.എൻ.എൽ., പിറവം ഓഫീസിൽ നിന്നും 2016-17 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ലഭിച്ചിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ.ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ

WP(C)No. 16670/2006 കേസിൽ 09.09.2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് ഉത്തരവിട്ടിട്ടുണ്ട്. ആയതിനാൽ ബി.എസ്.എൻ.എൽ. നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-8 അഭിഭാഷകരുടെയും ആധാരം എഴുത്തുകാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

നഗരസഭാ പരിധിയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയും സബ് രജിസ്ട്രാർ ഓഫീസും പ്രവർത്തിക്കുന്നുണ്ടെങ്കിലും അഭിഭാഷകരുടെയോ ആധാരം എഴുത്തുകാരുടെയോ തൊഴിൽ നികുതി പഞ്ചായത്ത് ഡിമാന്റ് ചെയ്തിട്ടില്ല. നഗരസഭാ പരിധിയിൽ 20ലധികം അഭിഭാഷകരും 10ലധികം ആധാരം എഴുത്തുകാരും ജോലിചെയ്യുന്നുണ്ട്. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാതിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9) മറുപടി ലഭ്യമാക്കിയില്ല. അഭിഭാഷകരെ സംബന്ധിച്ച വിവരങ്ങൾ ബാർ അസോസിയേഷനിൽ നിന്നും ലൈസൻസുള്ള ആധാരം എഴുത്തുകാരെ സംബന്ധിച്ച വിവരങ്ങൾ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭ്യമാക്കി നഗരസഭാ പരിധിയിൽ തൊഴിൽ ചെയ്യുന്ന മുഴുവൻ അഭിഭാഷകരുടെയും ആധാരം എഴുത്തുകാരുടെയും വരുമാനം അനുസരിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-9 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യഥാർത്ഥ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാത്തത് - സംബന്ധിച്ച്

നഗരസഭയിൽ പ്രവർത്തിക്കുന്ന വിവിധ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തൊഴിൽ നികുതി സംബന്ധിച്ച് ഹാജരാക്കുന്ന അർദ്ധവാർഷിക വരുമാന പത്രികകൾ യഥാർത്ഥവരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കാണുന്നു. സംസ്ഥാന സർക്കാരിന്റെ (എം.എസ്)/ 202/11/G.Edn തീ.07.10.11 ആയി പുറപ്പെടുവിച്ചിട്ടുള്ള അൺ-എയിഡഡ് സ്കൂളുകൾക്ക്CBSE/ICSE അഫിലിയേഷന് സർക്കാരിൽ നിന്നുള്ള NOC ലഭിക്കുന്നതിന് സ്കൂളുകൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ -7 ൽ ജീവനക്കാർക്ക് ഗവൺമെന്റ് സ്കൂളിലെ സമാന വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാരുടെ ശംബളവും അലവൻസും നല്കണമെന്നും ശമ്പളം സമാന തസ്തികയിലെ മിനിമത്തിൽ ആരംഭിക്കണമെന്നും കാലകാലങ്ങളിലെ ക്ഷാമബത്തക്കും വാർഷിക ശംബള വർദ്ധനവിനും അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 14-09-12 ലെ ഉത്തരവ് നം-WP(C) 1042/2012 പ്രകാരം പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് കുറഞ്ഞത് 10000 രൂപ പ്രതിമാസ വേതനം സ്കൂൾ മാനേജ് മെന്റ് നൽകേണ്ടതുണ്ട്.

ടി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ അർദ്ധവാർഷികപത്രികകൾ ലഭ്യമാക്കിയതിൽ സംസ്ഥാന/കേന്ദ്ര സർക്കാരുകൾ നിർദ്ദേശിച്ചിരിക്കുന്ന കുറഞ്ഞ ശമ്പളം, പ്രസ്തുത സ്ഥാപനങ്ങൾ തങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ശമ്പള നിരക്കുകൾ എന്നിവയേക്കാൾ കുറഞ്ഞ നിരക്കിലാണ് എന്ന് കാണുന്നു.

ഉദാ: 1) വിവേകാനന്ദ പബ്ലിക് സ്കൂൾ, പിറവം (vpspiravom.com)

| Designation | Salary | ഈടാക്കാവുന്ന കുറഞ്ഞ തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|---|

| | From Rs. | To Rs. | | |
|---|---|---|---|---|
| PGT | 15380/- | 20411/- | 750- - 1000- | 600 |
| TGT | 13210/- | 18411/- | 750- - 1000- | 300 |
| PRT | 6680 | 9912/- | 300- - 450- | 180 |
| Librarian | 6680/- | 9912/- | 300- - 450- | |
| Others | - | - | | |

2) ടോക് എച്ച് പബ്ലിക് സ്കൂൾ, പിറവം (tochschool.com)

| Designation | Salary | ഈടാക്കാവുന്ന കുറഞ്ഞ തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|---|
| Principal | 60900-1500-65400-1650-72000-1800-81000-2000-97000-2200-103600 | 1250- | 1000- |
| Vice Principal | 39500-1000-42500-1100-48000-1200-54000-1350-59400-1500-65400-1650-72000-1800-81000-2000-83000 | 1250 | |
| PGT | 32300-800-33900-900-37500-1000-42500-1100-48000-1200-54000-1350-59400-1500-65400-1650-68700 | 1250- | 600 |
| TGT | 29200-700-29900-800-33900-900-37500-1000-42500-1100-48000-1200-54000-1350-59400-1500-62400 | 1250- | 300 |
| PRT | 25200-650-27800-700-29900-800-33900-900-37500-1000-42500-1100-48000-1200-54000 | 1250- | 180 |
| PTI | 29200-700-29900-800-33900-900-37500-1000-42500-1100-48000-1200-54000-1350-59400-1500-62400 | 1250- | |
| Counsellor | 25200-650-27800-700-29900-800-33900-900-37500-1000-42500-1100-48000-1200-54000 | 1250- | |
| Librarian | 25200-650-27800-700-29900-800-33900-900-37500-1000-42500-1100-48000-1200-54000 | 1250- | |
| Driver | | | 300 |
| Ayah | | | 180 |

ഇതിൽ നിന്നും ടി സ്ഥാപനങ്ങൾ ലഭ്യമാക്കിയിരിക്കുന്ന അർദ്ധവാർഷിക വരുമാനപത്രികകൾ തെറ്റാണ് എന്ന് വ്യക്തമാണ്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തെറ്റായ പത്രികകൾ ഹാജരാക്കി നഗരസഭയിൽ തൊഴിൽ നികുതി കുറവായി അടയ്ക്കുന്നവർക്കെതിരെ യുക്തമായ നടപടി സ്വീകരിച്ച് (സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി) നഷ്ടം ഈടാക്കേണ്ടതാണ്.

## 2-10 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക സംബന്ധിച്ച്

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ളതുമായി ബന്ധപ്പെട്ട വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ മുനിസിപ്പാലിറ്റി പാലിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.7) മറുപടി ലഭ്യമാക്കിയില്ല.

1. വാടക രജിസ്റ്ററിൽ സെക്യൂരിറ്റി തുക സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2. വാടകയ്ക്ക് എടുത്തിരിക്കുന്ന വ്യക്തി പ്രസ്തുത മുറി ഒഴിയുന്നതിന് മൂന്ന് കലണ്ടർ മാസം മുൻപ് രേഖാമൂലം മുനിസിപ്പാലിറ്റിക്ക് അപേക്ഷ നൽകണമെന്ന് വാടക കരാറിൽ [നം.4(1)] വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 12/133 B, V-433 AP, V-433 AV, V-449 T എന്നീ മുറികൾ ഒഴിവായിട്ടുള്ളത് മൂന്ന് മാസം മുൻപ് അപേക്ഷ നൽകാതെ വാടക കരാർ അവസാനിക്കുന്നതിന് മുൻപാണ്. ഇതുമൂലം മുറികൾ ഒഴിവായി കിടക്കുകയും മുറികൾ ലേലം ചെയ്ത് മറ്റൊരാൾക്ക് നൽകുന്നതിന് കാലതാമസം വരുകയും വാടക ലഭിക്കാതെ വരുകയും ചെയ്യും.

3. കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ ലി., എറണാകുളം (ത്രിവേണി) എന്ന സ്ഥാപനത്തിന്റെ G3 മുതൽ G8വരെയുള്ള 6മുറികളുടെ ആകെ മാസ വാടക 3,095/- രൂപയാണ്. എന്നാൽ G1 മുറിക്ക് 1540/- രൂപ, G2 മുറിക്ക് 1338/- രൂപ, G9 മുറിക്ക് 1134/- രൂപ എന്നീ നിരക്കുകളിലാണ് മാസ വാടക ഈടാക്കുന്നത്. ത്രിവേണിക്ക് വാടക ഇനത്തിൽ പ്രത്യേക ഇളവുകൾ നൽകയിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

4. നിശ്ചയിച്ചുറപ്പിച്ച വാടക ഓരോ മാസവും 5-ാം തീയതിയോ അതിനു മുൻപോ അടവാക്കേണ്ടതാണ് എന്ന് വാടക കരാറിൽ 2(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തീയതിക്ക് ശേഷം വാടക അടയ്ക്കുന്നവരിൽ നിന്നും പിഴപലിശ ഈടാക്കുന്നില്ല.

5. 2016-17 വർഷത്തിൽ വാടക കുടിശ്ശിക ഇനത്തിലുള്ള 7,06,544/- രൂപയും തൻവർഷത്തെ 45,25,543/- രൂപയും പ്രകാരം ആകെ ഡിമാന്റ് ചെയ്ത 52,32,087/- രൂപയിൽ തൻവർഷം വരവ് വന്ന ആകെ തുകയായ 47,29,141/- രൂപ കിഴിച്ച് അവശേഷിക്കുന്ന തുകയായ 5,02,946/- രൂപ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടില്ല. കുടിശ്ശിക വരുത്തിയിരിക്കുന്ന വ്യക്തികളിൽ നിന്ന് കുടിശ്ശിക ഈടാക്കുന്നതിന് ആവശ്യമായ വ്യക്തിഗത ലിസ്റ്റ് ലഭ്യമല്ല. കുടിശ്ശിക വരുത്തിയിരിക്കുന്ന വ്യക്തികൾക്ക് നിലവിൽ മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടോ എന്ന വിവരങ്ങളും ലഭ്യമല്ല.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 2-11 കെട്ടിട മാസ വാടകയും സെക്യൂരിറ്റിയും വർദ്ധിപ്പിക്കുനത്

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ താഴെ ചേർത്തിരിക്കുന്നവയ്ക്ക് 01.03.2017 തീയതിലെ 5(1), 23.03.2017ലെ 1(5) കൗൺസിൽ തീരുമാനങ്ങൾ പ്രകാരം സെക്യൂരിറ്റിയും മാസ വാടകയും 01.04.2017 മുതൽ പ്രാബല്യം വരത്തക്കവിധം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ.

.

| ക്രമ നം | പേര് | കെട്ടിട നം | സെക്യൂരിറ്റി തുക | മാസ വാടക |
|---|---|---|---|---|
| 1 | ആൻസി രാജു | IV/279 | 6 ലക്ഷം | 5,000 |
| 2 | ജോജിമോൻ | IV/276,277,278 | 18 ലക്ഷം | 15,000 |
| 3 | ജോജിമോൻ | IV/275 | 50,000 | 2,000 |
| 4 | സി.വി പൗലോസ് | IV/272 | 6 ലക്ഷം | 5,000 |
| 5 | വിജിൽ ജോസഫ് | IV/271 | 6 ലക്ഷം | 5,000 |
| 6 | ബിജു ജോൺ ജോർജ്ജ് | IV/270 | 6 ലക്ഷം | 5,000 |
| 7 | മാനേജിംഗ് ഡയറക്ടർ, ഡിസ്ട്രിക്ട് ഹോൾസെയിൽ കൺസ്യൂമർ സ്റ്റോർ | IV/268, 269 | 12ലക്ഷം | 10,000 |
| 8 | സജി ജോൺ | V/588 | സെക്യൂരിറ്റി വർദ്ധനവില്ല | 3,000 |
| 9 | ബിജുകുമാർ | IV/280 | 1ലക്ഷം | 4,000 |
| 10 | കെ.യു ജോയി | V/541E | 10,000 | 1,000 |
| 11 | അജിത് മാത്യൂ | V/541C | 18,000 | 3,000 |
| 12 | അനിൽ മാത്യൂ | V/541D | സെക്യൂരിറ്റി വർദ്ധനവില്ല | 8,000 |
| 13 | ബെന്നി കെ.ടി. & റൂബി ബെന്നി | V/541A | സെക്യൂരിറ്റി വർദ്ധനവില്ല | 4,000 |
| 14 | ജോയ്സ് മാത്യൂ | V/542 | സെക്യൂരിറ്റി വർദ്ധനവില്ല | 4,000 |

സെക്യൂരിറ്റി തുക രണ്ട് തുല്ല്യ ഗഡുക്കളായി, ഒന്നാം ഗഡു 2017 മാർച്ച് 31 നകവും 2-ാം ഗഡു 2018 മാർച്ച് 31നകവും അടയ്ക്കുന്നതിന് വാടകക്കാർക്ക് നോട്ടീസ് നൽകുവാനും കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. മുറികളുടെ വർദ്ധിപ്പിച്ച സെക്യൂരിറ്റിയും മാസ വാടകയും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു എന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-12 ഡി&ഒ ലൈസൻസ്/തൊഴിൽ നികുതി ഈടാക്കാത്തത് - സംബന്ധിച്ച്

വസ്തു നികുതിയുടെ സഞ്ചയസോഫ്റ്റ് വെയർ പ്രകാരം താഴെപ്പറയുന്ന വാണിജ്യ / വ്യവസായ സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | ഉപയോഗക്രമം | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യം 100 ച.മീ തറവിസ്തീർണ്ണം വരെ | 1713 |
| 2 | വാണിജ്യം 100 ച.മീ തറവിസ്തീർണ്ണത്തിന് മുകളിൽ | 130 |
| 3 | വാണിജ്യം 200 ച.മീ തറവിസ്തീർണ്ണം വരെ | 8 |
| 4 | വാണിജ്യം 200 ച.മീ തറവിസ്തീർണ്ണത്തിന് മുകളിൽ | 8 |

| | | |
|---|---|---|
| 5 | വാണിജ്യം - ബങ്കുകൾ, പെട്ടിക്കടകൾ | 4 |
| 6 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 74 |
| 7 | വ്യവസായത്തിനാവശ്യമുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 42 |
| | ആകെ | 1,979 |

.മേൽ ചേർത്തിരിക്കുന്ന പ്രകാരം നഗരസഭയിൽ ആകെ 1,979 വാണിജ്യ/വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുംമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 665 സ്ഥാപനങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിലും ഈ കുറവുണ്ട്. വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് മുനിസിപ്പാലിറ്റി തയ്യാറാക്കാത്തത് മൂലം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സാധിക്കാതെ വരുന്നു. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനും, തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-13 ഡി&ഒ ലൈസൻസ് ഈടാക്കാത്തത് - സംബന്ധിച്ച്

എ. 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുംമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | പോപ്പുലർ ഹ്യുണ്ടായി ഷോറൂം, പിറവം |
| 2 | ഇ.വി.എം നിസാൻ & ഡാറ്റസൺ ഷോറൂം, പിറവം |
| 3 | റിനോൾട്ട് കാർ ഷോറൂം, പിറവം |
| 4 | എം.പി.എൻ യമഹ ഷോറൂം, പിറവം |
| 5 | പടിക്കൻ വെഡ്ഡിംഗ് സെന്റർ, പിറവം |
| 6 | കളമ്പൂർക്കാവ് ക്ഷീരോല്പാദക സഹകരണ സംഘം |

(ബി) 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുംമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പട്ടിക I ൽ ക്രമ നം. 86 ആശുപത്രി-നടത്തിപ്പ്, ടിഞ്ചറുകൾ ശേഖകരിക്കുകയും, ഔഷധങ്ങൾ വില്പനയ്ക്കായി ശേഖരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ശ്യാം ആയുർവ്വേദ ക്ലിനിക്ക്, പിറവം |
| 2 | മഠത്തിൽ ആയുർവ്വേദ ആശുപത്രി, പിറവം |
| 3 | നെട്ടുംചാലിൽ ഐ ഹോസ്പിറ്റൽ, പിറവം |

| | |
|---|---|
| 4 | പെരിയപ്പുറം ഹെൽത്ത്സെന്റർ, പിറവം |
| 5 | മാർബേസിൽ ഹോമിയോപതിക്ക് ക്ലിനിക്ക്, പിറവം |
| 6 | ശാന്തി ഹോമിയോപതിക്ക് ക്ലിനിക്ക്, പിറവം |
| 7 | ചെട്ടിയാംകുന്നേൽ ഹോമിയോ ഹോം, പിറവം |
| 8 | ഹോളികിംഗ്സ് സ്കിൻസ് സൂപ്പർ സ്പെഷ്യാലിറ്റി ക്ലിനിക്ക്, പിറവം |
| 9 | ജെ.എം.പി. മെഡിക്കൽ സെന്റർ, പിറവം |
| 10 | ലക്ഷ്മി നേഴ്സിംഗ് ഹോം, പിറവം |
| 11 | സെബാക്ക് ക്ലിനിക്ക്, പിറവം |
| 12 | കോസ്മെറ്റിക്ക് & ഓർത്തോഡോന്റിക് ഡെന്റൽ ക്ലിനിക്ക്, പിറവം |
| 13 | ഇടയൻ ഡെന്റൽ ക്ലിനിക്ക്, പിറവം |
| 14 | ഡോ. എബ്രഹാംസ് സ്മയിൽ & ഷൈൻ ഓർത്തോഡെന്റിക് ഡെന്റൽ ക്ലിനിക്ക്, പിറവം |
| 15 | സ്മയിൽ ഡെന്റൽ ക്ലിനിക്ക്, പിറവം |
| 16 | കെയർ വെൽ സ്കിൻ കെയർ ക്ലിനിക്ക്, പിറവം |

(സി) 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുംമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പട്ടിക II ൽ ക്രമ നം. 43 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലബോറട്ടറികൾ നടത്തുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ജെ.ബി ഡൈഗ്നോസ്റ്റിക്ക് സെന്റർ, പിറവം |
| 2 | ചുപ്രത്ത് ഫിസിയോതെറാപ്പി സെന്റർ, പിറവം |
| 3 | ഡോക്ടേഴ്സ് ഡൈഗനോസ്റ്റിക് സെന്റർ, പിറവം |
| 4 | ശ്രീജോ ലാബ്, പിറവം |
| 5 | ശ്രീജോ എക്സറേ ലാബ്, പിറവം |
| 6 | പെരുമാലിൽ സ്കാൻ ഡൈഗനോസ്റ്റിക് സെന്റർ, പിറവം |
| 7 | സ്കാൻറോൺ ലബോറട്ടറീസ്, പിറവം |

മേൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. സമാനമായ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 2-14 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

നഗരസഭയിൽ തൻവർഷം 19 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഇതിൽ 3 സ്ഥാപനങ്ങൾ 2015-16 വർഷം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്നവയാണ്. അതായത് 2015-16 വർഷം 19 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ററർ ചെയ്തിരുന്നതിൽ 16 സ്ഥാപനങ്ങൾ (ജെ.എം.പി. മെഡിക്കൽ സെന്റർ, പിറവം; ലക്ഷ്മി നേഴ്സിംഗ് ഹോം, പിറവം; ഹോളി കിംഗ്സ് സ്കിൻ സൂപ്പർ സ്പെഷ്യാലിറ്റി ക്ലിനിക് എന്നീ 3 സ്ഥാപനങ്ങളൊഴികെ) രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല.

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയുംരജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം (5)പ്രകാരം, ഒരിയ്ക്കൽ രജിസ്ട്രേഷൻ എടുത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ വർഷം തോറും അവയുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. രജിസ്ട്രേഷൻ പ്രാബല്യം അതാതു സാമ്പത്തികവർഷം അവസാനിക്കുന്നതിനാൽ മുൻവർഷങ്ങളിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ അവരുടെ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.6) മറുപടി ലഭ്യമാക്കിയില്ല. ഈ ഇനത്തിൽ വർഷങ്ങളായി നഗരസഭയ്ക്ക് ഉണ്ടാകുന്ന നഷ്ടം ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 2-15 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാത്തത് - സംബന്ധിച്ച്

1999- ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുൻകൂട്ടി രജിസ്ററർ ചെയ്യാതെ ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ചട്ടം 5- ൽ പ്രതിപാദിച്ചിരിക്കും വിധം നിലവിലുള്ളവ രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ തഴെപ്പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.15) മറുപടി ലഭ്യമാക്കിയില്ല.

1. അറ്റ്ലാന്റിക് കോളേജ്, പിറവം
2. ബ്രില്യൻസ് കോളേജ്, മാതാകോംപ്ലക്സ്, ത്രീ റോഡ് ജംഗ്ഷൻ, പിറവം
3. ട്യൂഷൻ സെന്റർ, ജെ.സി.ഐ.ഓഫീസ്, വലിയ പള്ളി ബൽഡിംഗ്
4. മഹാരാജാസ് കോളേജ്, പഴയ പെട്രോൾ പമ്പ് ജംഗ്ഷൻ, പിറവം
5. ലീഡ്സ് അക്കാദമി, മാർക്കറ്റ് റോഡ്, പിറവം
6. ജി-ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ, മാതാകോംപ്ളക്സ് ഒന്നാം നില, ത്രീ റോഡ് ജംഗ്ഷൻ, പിറവം
7. ഇംഗ്ലീഷ് ക്യാമ്പസ്, പുളിക്കൽ ബിൽഡിംഗ്, പിറവം
8. അവർ കോളേജ്, കെ. എസ്. ആർ. ടി. സി. ജംഗ്ഷൻ, പിറവം
9. എംവിഒ ടെക്നോളജീസ് & സർവീസ് പ്രൈവറ്റ് ലിമിറ്റഡ്, പിറവം
10. എം.എസ്.എം(മാർ സെവെരിയോസ് മെമ്മോറിയൽ )ഐ റ്റി ഐ, ഹോസ്പിറ്റൽ ജംഗ്ഷൻ, പിറവം

മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചതിന് ആവശ്യമായ മേൽ നടപടികൾ സ്വീകരക്കേണ്ടതും ചട്ടപ്രകാരം എല്ലാ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു എന്ന് നഗരസഭ ഉറപ്പാക്കേണ്ടതുമാണ്.

# 2-16 മാലിന്യ ശേഖരണത്തിന് യൂസർ ഫീസ് വാങ്ങുന്നത്

നഗരസഭ മാലിന്യ ശേഖരണത്തിന് നഗരസഭ ടൗൺ ഭാഗത്ത് നിന്ന് യൂസർ ഫീസ് പിരിക്കുന്നുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ I-4(b) – Reciepts on account of cost of services rendered – എന്ന ഹെഡിൽ 3,46,750/- രൂപയും, 1,94,070/-രൂപ Other user charges എന്ന ഹെഡിലും വരവായി കാണിച്ചിട്ടുണ്ട്. ആകെ 5,40,820/-രൂപ ഇപ്രകാരം വരവുണ്ട്. തുക പിരിക്കുന്നത് സംബന്ധിച്ച രജിസ്റ്ററും, രസീതുകളും പരിശോധിച്ചതിൽ ആകെ 5,40050/-രൂപ 2016-17 വർഷം പിരിച്ചതായി കാണുന്നു. ആയതു സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽതീയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 25-09-2014 ലെ തീരുമാനം 3(1) പ്രകാരം റേറ്റ് നിശ്ചയിച്ചിട്ടുണ്ട് എന്നും, സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിപാലിക്കുന്നുണ്ടെന്നും, 2016-17 വർഷം 47 സ്ഥാപനങ്ങളിൽനിന്നുമായി 540050/-രൂപ ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ മാലിന്യ പരിപാലനത്തിന്റെ ഭാഗമായി തുക പിരിക്കുന്നതിൽ കൃത്യതയില്ല എന്നും, സ്ഥാപനങ്ങളുടെ ലിസ്റ്റ് വ്യക്തതയില്ലാത്തതുമാണ് എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു. ആയതിനാൽ നഗരസഭാ പ്രദേശത്ത് പ്രസ്തുത സേവനം ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളും യൂസർ ഫീസ് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതും ഇത് സംബന്ധിച്ച രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

## 2-17 പരസ്യനികുതി സംബന്ധിച്ച്

പിറവം നഗരസഭയിൽ 28. 03. 2016 ൽ നടന്ന ലേലത്തിൽ മുനിസിപ്പൽ പ്രദേശത്തുനിന്നും 01.04.2016 മുതൽ 31.03.2017 വരെ പരസ്യനികുതി പിരിക്കുന്നതിന് 36,500/- രൂപയ്ക്ക് ലേലം കൊണ്ട ശ്രീ കെ. ജെ. ജോസ്, പാലത്തിങ്കൽ വീട്, പുതുക്കുഴി പി. ഒ., കോതമംഗലം എന്ന വ്യക്തിക്ക് അവകാശം കൊടുത്തിട്ടുണ്ട്. ടി-വ്യക്തിക്ക് നികുതി പിരിക്കുന്നതിന് രസീതുബുക്ക് നഗരസഭയിൽ നിന്ന് സീൽ ചെയ്ത് ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നു.

വിവിധതരം പരസ്യങ്ങൾക്ക് വ്യത്യസ്ത നിരക്കുകളായതിനാൽ നഗരസഭ അംഗീകരിച്ചുനല്കുന്ന നിരക്കാണോ ഈടാക്കുന്നത്, ടി-രസീതുബുക്ക് നഗരസഭയിൽ തിരികെ ഏൽപ്പിക്കുന്നുണ്ടോ എന്നിവ വിശദമാക്കേണ്ടതാണ്. കൂടാതെ പരസ്യനികുതി ബൈലോ അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്.

.

## 2-18 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം

പിറവം നഗരസഭയുടെ 2016-17ലെ വാർഷിക കണക്കുകൾ ഓഡിറ്റ് സമയത്ത് പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റിലെ ബി-1 ഷെഡ്യൂളിലെ തുകയും, ബി-1 ഡിറ്റെയിൽഡ് ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകയും (മുനിസിപ്പൽ ജനറൽ ഫണ്ട്) പൊരുത്തപ്പെടുന്നില്ല.

2. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. നഗരസഭയുടെ എല്ലാ ആസ്തികളും കാലികമായി അപ്ഡേറ്റ് ചെയ്ത് സാംഖ്യയിലെ ബി-11 ഷെഡ്യൂൾ കൃത്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26/7/2011 ലെ ജി.ഓ (എം.എസ്)

152/2011പ്രകാരമുള്ള ആസ്തി/ബാധ്യത കളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല.

4. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കുന്ന പ്രക്രിയ കൃത്യമല്ല. വർഷങ്ങളായി ഡിപ്രീസിയേഷൻ നൽകി ഒരു രൂപയായി മൂല്യം കുറഞ്ഞ ആസ്തികൾക്ക് വീണ്ടും ഡിപ്രീസിയേഷൻ കുറവ് ചെയ്യുന്നില്ല എന്ന് ഉറപ്പാക്കുന്നില്ല.

5. നഗരസഭയുടെ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലെയും, സഞ്ചയ സോഫ്റ്റ് വെയറിലെയും വസ്തു നികുതിയുടെ ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല. ഈ അപാകത പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

6. നഗരസഭയുടെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക അബ്സ്ട്രാക്റ്റും ഇനം തിരിച്ചുള്ള ആകെ തുകയുടെ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരം 1971-72 മുതലുള്ള തുകകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഡെപ്പോസിറ്റുകളിൽ മൂന്ന് വർഷത്തിനുമേൽ പഴക്കമുള്ള കാലഹരണപ്പെട്ട തുകകൾ മുനിസിപ്പൽ ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകൾ ബി-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

7. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടേയും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടേയും വരവും ചലവും ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>ഒ.ഡി.എഫ്. - ചെലവ് തുക പൊരുത്തപ്പെടുന്നില്ല - 3,63,071/- രൂപ തടസ്സപ്പെടുത്തുന്നു.</u>

2016-17 വർഷം ഹെൽത്ത് ഓഫീസർ (വി.ഇ.ഒ)നടപ്പിലാക്കിയ ഓപ്പൺ ഡിഫെക്കേഷൻ ഫ്രീ നഗരസഭ പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 1/17 |
| പ്രോജക്റ്റ് പേര് | ഓപ്പൺ ഡിഫെക്കേഷൻ ഫ്രീ നഗരസഭ പദ്ധതി. |
| ആകെ അടങ്കൽ | 3388000-<br>പൊതുവിഭാഗം - 15,10,050<br>കേന്ദ്രാവിഷ്കൃതം - 12,39,960<br>തനത് ഫണ്ട് ----- 6,37,990<br>ആകെ ---------- 33,88,000 |

| | |
|---|---|
| ആകെ ചെലവ് (ചെലവ് പത്രിക പ്രകാരം ) | 2852872<br>പൊതുവിഭാഗം-- 15,10,050<br>കേന്ദ്രാവിഷ്കൃതം--- 7,14,622<br>തനത് ഫണ്ട് ---- 6,28,200 |
| നിർവ്വഹണം | വി.ഇ.ഒ. |
| തുക പിൻവലിച്ചതിന്റെ വിവരം | 1.ബിൽ നം. 1-2016-17 – 522603/19-10-2016<br>2.ബിൽ നം. 2-2016-17 – 589742/08-11-2016<br>3.ബിൽ നം. 4-2016-17-- 201149/09-12-2016<br>4.ബിൽ നം. 5-2016-17-- 60938/22-12-2016<br>5. ബിൽ നം. 6-2016-17—20670/23-12-2016<br>6. ബിൽ നം. 7-2016-17-- 28134/31-12-2016<br>7. ബിൽ നം. 8-2016-17—33072/24-01-2017<br>8. ബിൽ നം. 9-2016-17—10335/30-01-2017<br>9. ബിൽ നം. 10-2016-17-- 20670/25-02-2017<br>10. ബിൽ നം. 12-2016-17 – 12402/22-03-2017<br>11. ബിൽ നം. 13-2016-17 – 2067/22-03-2017<br>12. ബിൽ നം. 14-2016-17 –8268/30-3-2017<br>ആകെ. പൊതുവിഭാഗം ഫണ്ട് - 1510050/-<br>ആകെ ചെലവാക്കിയ തുകയിൽ പൊതുവിഭാഗം ഫണ്ട് വിവരം മാത്രമാണ് പരിശോധനയിൽ വ്യക്തമായത്. കേന്ദ്രാവിഷ്കൃത ഫണ്ടായ 7,14,622/- രൂപയുടേയും, നഗരസഭ തനത് ഫണ്ട് ചെലവ് തുകയായ 6,28,200/- രൂപയുടേയും വിവരങ്ങൾ വ്യകതമല്ല. ചെലവ് പത്രിക പ്രകാരം ആക 28,52,872/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

നഗരസഭയിൽ ഓപ്പൺ ഡിഫേക്കേഷൻ ഫ്രീ നഗരസഭ പദ്ധതി പ്രകാരം 27 വാർഡിലെ ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ആകെ 2852872 രൂപ ചെലവഴിച്ചിട്ടുണ്ട്. വി.ഇ.ഒ.നിർവ്വഹണം നടത്തിയ ഈ പ്രോജക്ട് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം 2489801/- രൂപയാണ് വിതരണം ചെയ്തതായി കാണുന്നത്. ആകെ ഒരു ഗുണഭോക്താവിന് 15400/- രൂപയാണ് നൽകിയത്. (8000+2067+5333).ഈ തുക ഓരോ വ്യക്തിയും കൈപ്പറ്റിയതിന് രജിസ്റ്ററിൽ രേഖപ്പെടുത്തി ഗുണഭോക്താക്കളുടെ പേരിന് നേരെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത തുക പരിശോധിച്ചതിൽ ആകെ 2489801 രൂപയാണ് രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കൾ കൈപ്പറ്റിയതായി കാണുന്നത്. ചെലവ് പത്രിക പ്രകാരമുള്ള 2852872 രൂപയേക്കാൾ 363071/- രൂപ കുറവുള്ളതായി കണ്ടു. വളരെ പ്രാധാന്യത്തോടെ സംസ്ഥാനമാകെ നടപ്പിലാക്കിയ ഈ പദ്ധതിയുടെ നിർവ്വഹണം നടത്തിയതിൽ വന്ന തുകയിലെ വ്യത്യാസം രേഖകൾ സഹിതം വിശദമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് എൻക്വയറി (നം.8) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ കുറവു വന്ന തുകയായ 3,63,071/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 <u>താലൂക്ക് ആശുപത്രി ഡെന്റൽ വിഭാഗത്തിലേക്ക്</u>

## ഉപകരണങ്ങൾ വാങ്ങൽ - അപാകത - 24,900/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 217/2016-17 |
| പ്രോജക്ട് പേര് | താലൂക്ക് ആശുപത്രി ഡെന്റൽ വിഭാഗത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 4,11,000/- |
| ചെലവ് | 4,10,000/- |
| ട്രഷറി ബിൽ നം. | 14/2016-17 / 30.03.2017 |

2016-17 വർഷം മെഡിക്കൽ ഓഫീസർ ,താലൂക്ക് ഹോസ്പിറ്റൽ പിറവം നടപ്പിലാക്കിയ താലൂക്ക് ആശുപത്രി ഡെന്റൽ വിഭാഗത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1.ഫയൽ പരിശോധിച്ചതിൽ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള ആവശ്യകത സംബന്ധിച്ച സ്റ്ററ്റസ് റിപ്പോർട്ട് ഉണ്ടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച നഗരസഭാ കമ്മിറ്റിയുടെ തീരുമാനം ഫയലിനോടൊപ്പം ഇല്ല.
2.ഏതൊക്കെ ഉപകരണങ്ങളാണ് വാങ്ങേണ്ടത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ രേഖാമൂലം നഗരസഭയെ അറിയിച്ചിട്ടുള്ളതായി കാണുന്നില്ല.
3. ഏത് ഉപകരണങ്ങളാണ് വാങ്ങേണ്ടത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.
4. വാങ്ങലിൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനുള്ള മാർഗ്ഗ രേഖപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.
5. വാങ്ങൽ സംബന്ധിച്ച് പ്രോക്യുർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.
6. സുപ്രീം ഹോം ഗാർഡൻ പിറവം എന്ന സ്ഥാപനത്തിൽ നിന്നും 24900/- രൂപയക്ക് ടിവി,ഫ്രീഡ്ജ് എന്നിവ വാങ്ങിയിട്ടുണ്ട്. (ബിൽ നം. 1452/22-03-2017 ). ആശുപത്രിയിലെ ഡന്റൽ വിഭാഗത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ടിൽ ടി.വി. വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ഹാജരാക്കേണ്ടതാണ്.
മേൽ വിവരിച്ചവയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 1 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ ആയതിന്റെ ആവശ്യകത മനസ്സിലാക്കി നിർവ്വഹണം നടത്തിയിട്ടില്ല. പ്രൊക്വർമെന്റ് മാനദണ്ഡങ്ങൾ പാലിക്കാതെ ടി.വി.,ഫ്രിഡ്ജ് എന്നിവ വാങ്ങിയതിന്റെ ചെലവ് തുകയായ 24,900/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 പ്രോജക്ടുകളുടെ നിർവ്വഹണം വിനിയോഗ സാക്ഷ്യപത്രം / കൈപ്പറ്റ് രസീത് ഇല്ല

.
2016-17 വർഷം സെക്രട്ടറി/ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ തുക സ്ഥാപനങ്ങൾക്ക് നൽകിയതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. കൂടാതെ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ പ്രവൃത്തികൾ ചെയ്യുന്നതിനായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ചെയ്തതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു:-

.

| പ്രോജക്ട് നം | പ്രോജക്ട് പേര് | ആകെ ചെലവ് | അപാകത | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 154/17 | ഇ.എം.എസ്. അധിക ലോൺ തിരിച്ചടവ് | 660000/- ഡി.ഡി.നം 578642- 31-10-16 | എറണാകുളം ജില്ലാ സഹ. ബാങ്കിലേക്ക് തുക നൽകിയതിന് കൈപ്പറ്റ് രസീത് ഇല്ല. | സെക്രട്ടറി |
| 153/17 | ഇ.എം.എസ്. ലോൺ തിരിച്ചടവ് | 1350750/- ഡി.ഡി.നം. 578640- 31-10-16 | സർവ്വീ. സഹ. ബാങ്കിലേക്ക് (പിറവം) തുക നൽകിയതിന് കൈപ്പറ്റ് രസീത് ഇല്ല. | സെക്രട്ടറി |
| 55/17 | പൈപ്പ് ലൈൻ നീട്ടൽ - വാർഡ് 4-എക്സിക്യൂട്ടീവ് എഞ്ചിനീയർ KWA | 265000/- (150000/- 579166- 21-12-16, 115000/- 579165- 21-12-16) | വിനിയോഗ സാക്ഷ്യപത്രം ഇല്ല | സെക്രട്ടറി |
| 11/17 | IKM ചാർജ്ജ് അടയ്ക്കൽ2016-17- എക്സിക്യൂട്ടീവ് ഡയറക്ടർ,IKM, Tvm | 93430- ഡി.ഡി.നം. 578641- 31-10-16 | തുക കൈപ്പറ്റിയതിന്റെ രസീത് ഇല്ല. | സെക്രട്ടറി |
| 77/17 | വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 194630-ചെക്ക് നം. 461843- 13-01-2017 | വിനിയോഗ സാക്ഷ്യപത്രം ഇല്ല. | സെക്രട്ടറി |
| 205/16-17 | ഇട്ടിയാർമല കുടിവെള്ള പദ്ധതി | 2318007/-ട്രഷറി ബിൽ നം. 36/17-31-03-17, 81993/-(തനത് ഫണ്ട്.) | വിനിയോഗ സാക്ഷ്യപത്രം ഇല്ല. | സെക്രട്ടറി |
| 47/17 | വയോമിത്രം- എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ. | 500000-ട്രഷറി ബിൽ നം. 20/31-01-2017 | കൈപ്പറ്റ് രസീത് ഇല്ല. | സെക്രട്ടറി |
| 18/17 | എസ്.എസ്.എ. വിഹിതം | 700000/-ട്രഷറി ബിൽ നം. 01-2016-17 | വിനിയോഗ സാക്ഷ്യപത്രം ഇല്ല | ഹെഡ്മാസ്റ്റർ (പ്രിൻസിപ്പാൾ), HSS നാമക്കുഴി. |

മേൽ വിവരിച്ചവയുടെ കൈപ്പറ്റ് രസീത്/ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് മുമ്പാകെ ഹാജരാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്.

.

## 3-4 ഹൈമാസ്റ്റ് ലൈറ്റുകൾക്ക് അധിക നിരക്ക് അടവാക്കിയത്

കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 14.8.2014ലെ 0P No 9/2014ഉത്തരവ് പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾക്ക് ഈടാക്കാവുന്ന കറന്റ് ചാർജ്ജ് യൂണിറ്റിന് 3.60/- രൂപയാണ്. എന്നാൽ പിറവം നഗരസഭയിൽ 2016-17വർഷം അധികനിരക്ക് അടവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| വൗച്ചർ നം /തീയതി | മാസം | ഉപയോഗിച്ച കറന്റ് യൂണിറ്റ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 21600202/3.6.16 | 6/16 | 792 | 3613 | 2772 | 841 |
| 21600203/3.6.16 | 6/16 | 417 | 1575 | 1460 | 115 |
| 21600280/4/7/16 | 7/16 | 522 | 2275 | 1827 | 448 |
| 21600281/4.7.16 | 7/16 | 434 | 1799 | 1519 | 280 |
| 21600294/19.7.16 | 7/16 | 778 | 3236 | 2723 | 513 |
| 21600354/8.8.16 | 8/16 | 707 | 2872 | 2475 | 397 |
| 159637/4.10.16 | 10/16 | 733 | 2976 | 2565 | 411 |
| 159637/4.10.16 | 10/16 | 786 | 3379 | 2751 | 628 |
| 159941/1.12.96 | 12/16 | 782 | 3178 | 2737 | 441 |
| 159941/1.12.96 | 12/16 | 364 | 1624 | 1274 | 350 |
| 159941/1.12.96 | 12/16 | 755 | 3062 | 2643 | 420 |
| 250400105/7/1/17 | 1/17 | 552 | 2274 | 1932 | 342 |
| 382067/6.2.17 | 2/17 | 732 | 3217 | 2562 | 655 |

ഹൈമാസ്റ്റ് ലൈറ്റുകൾക്കുള്ള കറന്റ് ചാർജ്ജിന്റെ യൂണിറ്റ് നിരക്ക് പരിശോധിച്ച് അധികനിരക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് അടുത്ത തവണ ക്രമീകരിക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് കൂടുതൽ തുക അടവാക്കിയിട്ടുണ്ടങ്കിൽ ആയത് നഗരസഭാ അക്കൗണ്ടിലേക്ക് വസൂലാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

.

## 3-5 പ്രൊഫഷണൽ ഫീസ് നല്കിയത് - ആദായനികുതി ഈടാക്കിയിട്ടില്ല

2016-17 വർഷം പിറവം മുനിസിപ്പാലിറ്റിയുടെ കേസുകൾ വാദിക്കുന്നതിന് അഡ്വക്കേറ്റ് ജോർജ്ജ് സെബാസ്റ്റ്യന് 1,68,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഈ ബില്ലുകളിൽ നിന്നും ആദായനികുതി നിയമം 194(ജെ) പ്രകാരം ഉറവിടത്തിൽ കിഴിക്കേണ്ട 10% ആദായനികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | തുക | ചെക്ക് നം/തീയതി |
|---|---|---|---|
| 1 | 251101101/17.9.16 | 1,000 | 457502/17.9.16 |
| 2 | 251101101/17.9.16 | 8,000 | 457502/17.9.16 |
| 3 | 210200101/23.11.16 | 1,12,000 | 8042844/23.11.16 |
| 4 | 216009617/24.1.17 | 15,000 | 461958/24.1.17 |
| 5 | 21601054/20.2.17 | 6,000 | 462529/20.2.17 |
| 6 | 21601297/15.3.17 | 15,000 | 456015/15.3.17 |
| 7 | 21601296/15.3.17 | 11,000 | 456015/15.3.17 |
| ആകെ | | 1,68,000 | |

ആദായനികുതി ഇനത്തിൽ ഈടാക്കേണ്ട 16,800/- രൂപ ഈടാക്കേണ്ടതാണ്.

## 3-6 പ്രിന്റിംഗ് ചാർജ് നൽകിയത് - ആദായനികുതി ഈടാക്കിയിട്ടില്ല

പിറവം മുനിസിപ്പാലിറ്റി 2016-2017വർഷത്തെ പ്രിന്റിംഗ് ജോലികൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ എല്പിച്ചിരിക്കുന്നത് സ്വരാജ് പ്രിന്റേഴ്സ്, പിറവം എന്ന സ്ഥാപനത്തിനാണ്. 2016-2017 വർഷം സ്ഥാപനത്തിന് 97,380/- രൂപ നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം | നൽകിയ തുക | ചെക്ക് നം/തീയതി |
|---|---|---|
| 21601188 | 8,951 | 462792/9.3.17 |
| 21601188 | 5,600 | 462792/9.3.17 |
| 2161188 | 28,219 | 462792/9.3.17 |
| | 54,610 | 462792/9.3.17 |
| ആകെ | 97,380 | |

1961-ലെ ആദായനികുതി നിയമം വകുപ്പ് 194c പ്രകാരം ഒറ്റ ബില്ലിൽ 30000/-രൂപയിൽ കൂടുതലോ, ഒരു സ്ഥാപനത്തിന് ഒരു സാമ്പത്തികവർഷം വിവിധ ബില്ലുകളിലായി 75000/രൂപയിൽ കൂടുതലോ നൽകുന്ന പക്ഷം ആ സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 2016-17വർഷം സ്വരാജ് പ്രിന്റേഴ്സ്, പിറവത്തിന് പ്രിന്റിംഗ് ഇനത്തിൽ നൽകിയ തുകയിൽ നിന്നും 2% ആദായനികുതി ഈടാക്കിയതായി കാണുന്നില്ല എന്ന ഓഡിറ്റ് എൻക്വയറിക്ക് നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. 2% നിരക്കിൽ 1,948/- രൂപ

ആദായ നികുതി അടവാക്കേണ്ടതാണ്.

## 3-7 ഇ-ടെണ്ടർ - ഫോറം വില നഗരസഭയ്ക്ക് ലഭിക്കുന്നില്ല

ഇ - ടെണ്ടർ ഫോറവില ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഗരസഭയ്ക്ക് ലഭിക്കുന്നില്ല. 2016-17 വർഷം നഗരസഭ ഇ-ടെണ്ടർ നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ഇ.എം. ഡി. | വാറ്റ് ൾപ്പെടെ ആകെ തുക | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ തുക |
|---|---|---|---|---|---|---|
| | 2016-17 | | | | | |
| 1. | കാരമല കടുവാക്കുഴി താഴം റോഡ് | 5,78,000 | 14,500 | 1260 | 3 | 3780 |
| 2. | സ്കൂൾമല കുടിവെള്ളവിതരണ പ്രോജക്ടും കിണറ്റിലേക്കുള്ള റോഡും പൂർത്തീകരണം | 7,00,000 | 25,000 | 1470 | 3 | 4410 |
| 3. | നാമക്കുഴി ഗവ.ഹൈസ്കൂൾ കെട്ടിടനിർമ്മ്ണം | 25,10,781 | 50,000 | 2500 | 5 | 12500 |
| | | | | ആകെ | | 20,690 |
| | 2015-16 | | | | | |
| 1. | പള്ളിപ്പാട്ട് അമ്പലം റോഡ് | 5,38,000 | 14,000 | 1,200 | 3 | 3600 |
| 2. | അഞ്ചു സെന്റ് കോളനി കൊച്ചുപള്ളി റോഡ് | 6,28,000 | 15,700 | 1,400 | 2 | 2800 |
| 3. | കൊള്ളിക്കൽ ലക്ഷം വീട് റോഡ് | 6,10,000 | 15,300 | 1,400 | 2 | 2800 |
| 4. | കെ. ആർ. കെ. റോഡ് | 6,28,000 | 15,700 | 1,400 | 1 | 1400 |
| 5. | കോട്ടപ്പുറം സെറ്റിൽമെന്റ് കോളനി റോഡ് | 6,28,000 | 15,700 | 1,400 | 1 | 1400 |
| 6. | കൊള്ളിക്കൽ തെക്കേമല കമ്പനാമല റോഡ് | 10,00,000 | 25,000 | 5,300 | 3 | 15900 |
| 7. | കരിങ്ങാൽപടി പുളിക്കമറ്റത്തിൽപടി റോഡ് | 10,00,000 | 25,000 | 5,300 | 2 | 10,600 |
| 8. | അന്തിക്കാട് ടി എസ് കവല റോഡ് | 6,28,000 | 15,700 | 1,400 | 5 | 7000 |
| | | | | ആകെ | | 45,500 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള തുക നഗരസഭയ്ക്ക് ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന്

## ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന് |
| പ്രോജക്ട് നം. | S0022/17 |
| അടങ്കൽ | 1,50,000/- |
| ചെലവ് | 1,50,000/- |
| ഡി.ഡി. നം. | 578829/17.11.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി, പിറവം. |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥപനത്തിന് 17.11.2016 ന് 1,50,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ 29.04.2017 ലെ LF-29 ബിൽ പ്രകാരം 92,610/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന തുകയായ 57,390/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2016-17വർഷം ഈയിനത്തിൽ ഫണ്ടുകളൊന്നും ലഭിച്ചിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2016-17വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി SO20/17 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- ഇട്ടിയാർമല | 36/16-17 / 31.03.17 | | 23,18,007 | 81,993 |
| കെ.എസ്. ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ | 37/16-17 / 31.03.17 | | 24,630 | --- |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

2016-17 വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | സ.ഉ.നം .1890/08 ത.സ്വ.ഭ,വ .03.07.08 2. 1275/12 ത.സ്വ.ഭ,വ. 04.05.12 | 21919000 | 75,90,252 | 29,79,912 | 7,25,241 | 46,10,340 |
| കോ-ഓപ്പറേറ്റീവ് ബാങ്ക് -ഇ.എം .എസ്.ഭവന പദ്ധതി. | 1.480/2010 തീയതി 11-02-2010 2. 56637/ ഡി.ബി.ഐ /2013/ ത.സ്വ.ഭ.വ.- 13/09/2013 | 19107500 | 93,70,815 | 20,10,750 | പലിശ കേരള സർക്കാർ അടയ്ക്കുന്നു. | 73,60,065 |

1. കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പത്രിക പ്രകാരം 31-03-2017 ൽ 4610340/- രൂപയാണ് ഇനി അടച്ച് തീർക്കുവാനായി ബാക്കിയുള്ളത്. എന്നാൽ നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരവും, വാർഷിക ധനകാര്യ പത്രികയിലെ B-5 ഷെഡ്യൂൾ പ്രകാരവും 4621052/- രൂപയാണ് ഇനി തിരിച്ചടയ്ക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം 10712/- രൂപ കൂടുതലായിട്ടാണ് നഗരസഭ രേഖകളിൽ ഉള്ളത്. ആയത് പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.
2. ഇ.എം.എസ്. ഭവന പദ്ധതിയുടെ വായ്പ തിരിച്ചടവിലും വാർഷിക ധനകാര്യ പത്രികയും രജിസ്റ്ററും തമ്മിൽ 100/- രൂപയുടെ വ്യത്യാസം ഉണ്ട്. ആയത് ക്രമപ്പെടുത്തേണ്ടതാണ്.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,000 + 21,000 (ഷെയർ) |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ഉൾപ്പെടെ) | ഇല്ല |
| ആകെ | 24,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 24,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ബാങ്ക് സ്ഥിര നിക്ഷേപം | 3000/- |
| KURDFC ഷെയർ | 21000/- |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17വർഷം വരവ് ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ (ഗ്രാമ പഞ്ചായത്ത് ആയിരുന്ന സമയത്തെ ഉൾപ്പെടെ) മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998 2000-01 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് | 2-5 2-13 2-15 | 2005-06 | 2.45.1 | പദ്ധതി നടത്തിപ്പിൽ വിവിധ അപാകതകൾ | നില നിൽക്കുന്നു |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-6 | 2005-06 | 2.45.2 | സി.എഫ് വിളക്കിന് സ്ഥാപനച്ചെലവ് | നില നിൽക്കുന്നു |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-10 | 2005-06 | 2.45.3 | ഇടയാറ-വല്ലകതോട് റോഡ് റീ മെറ്റലിംഗ് ടാറിംഗ് അധിക നിരക്ക് നൽകിയത് | നില നിൽക്കുന്നു |
| 1997-98 2000-2001 (ഓഡിറ്റ് | 2-12 | 2005-06 | 2.45.4 | പള്ളിപ്പറമ്പ്-കീഴപടി റോഡ് അഭിവൃദ്ധി വേലമൂല്യം | നില നിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| റിപ്പോർട്ട്) | | | | അധികരിച്ച് തുക നൽകി | |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-14 | 2005-06 | 2.45.5 | സി.എഫ് വിളക്കിന് ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു. | നില നിൽക്കുന്നു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,55,19,678 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,52,89,735 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18748 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 387971 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,63,071 | നീതു ജോൺസൺ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | 24,900 | ഡോ.സുനിൽ.ജെ.ഇളംതട്ട്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., പിറവം. |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-5 | 16,800 |
| 3-6 | 1,948 |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.2)1523/97/27.8.2000 |
| 1997-98 പദ്ധതി | എൽ.എഫ്.ഇ.(പി.2)98/05/24.11.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.2)1206/03/5.8.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.2)226/06/3.2.2007 |
| 2007-08 | എൽ.എഫ്.ഇ.(പി.1)1662/08/2.7.2009 |
| 2005-06 | എൽ.എഫ്.ഇ.(പി.1)285/10/10.3.2011 |
| 2006-07 | എൽ.എഫ്.ഇ.(പി.1)286/10/10.3.2011 |
| 2008-09 | എൽ.എഫ്.ഇ.(പി.1)287/10/10.3.2011 |
| 2009-10 | എൽ.എഫ്.ഇ.(പി.9)1839/10/10.3.2011 |
| 2010-11 | എൽ.എഫ്.ഇ.(പി.9)2136/11/1.12.2011 |
| 2011-12 | എൽ.എഫ്.ഇ.(പി.9)2252/13/28.12.2013 |
| 2012-13 | എൽ.എഫ്.ഇ (പി9)172/2015 ,02.03.2015 |
| 2013-14 | |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി9)1191/2016-20/07/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം.1)55/2017 06.02.2017/15.02.2017 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇകെഎം(എം1)1777/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 - 2422271
email : doekm.ksad@kerala.gov.in

തീയതി : 22.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് , കേരള മുനിസിപ്പാലിറ്റിനിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പിറവം നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 2-18 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിറവം നഗരസഭയുടെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX - I

## AUDIT CERTIFICATE – 2016-17

No.KSA-EKM(M1)1777/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 22.09.2017

Certified that I have audited the Annual Financial Statement of Piravom Muncipality in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Muncipalities Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Piravom Muncipality for the year 2016-17 except the observations in my audit report paragraph 2-18, properly presents the picture of income and expenditure.

Joint Director